ദേശാഭിമാനി
2023 മെയ് 8 തിങ്കൾ | 1198 മേടം 24 | 1444 ശവ്വാൽ 17

വീണ്ടെടുപ്പിന്റെ കേരള മാതൃക

ആഗോളതാപനവും അതുമൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതിക പ്രശ്നങ്ങളും ലോക രാഷ്ട്രങ്ങൾക്കു മുന്നിൽ ചോദ്യചിഹ്നമായി നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ, പാരിസ്ഥിതിക സന്തുലനം വീണ്ടെടുക്കുന്നതിന് ഹരിതകേരളം മിഷനിലൂടെ കേരളം നടത്തുന്ന ശ്രമങ്ങൾ രജതരേഖയാകുന്നു. വൃത്തിയും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവിഭവങ്ങളുടെ ഉൽപ്പാദനവും ലക്ഷ്യമിട്ട് ഒന്നാം പിണറായി സർക്കാർ രൂപംനൽകിയ ഹരിതകേരളം മിഷൻ ഏഴാം വർഷത്തിലെത്തിനിൽക്കെ കൈവരിച്ച നേട്ടങ്ങൾ അന്താരാഷ്ട്രതലത്തിൽത്തന്നെ ശ്രദ്ധ ആകർഷിക്കുന്നവയാണ്.

മണ്ണിന്റെയും വെള്ളത്തിന്റെയും സംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം, ജൈവക്കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കാർഷിക വികസനം എന്നീ മേഖലകളിൽ ഊന്നി ഹരിതകേരളം മിഷൻ ജൈവസമ്പത്ത് തിരിച്ചുപിടിക്കാൻ നടത്തുന്ന ഉദ്യമങ്ങൾ ആഗോളതലത്തിൽത്തന്നെ പ്രസക്തമാകുന്നത് അവയുടെ ഫലപ്രാപ്തിയാലാണ്. ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനവും കുടിവെള്ള വിതരണവും സാധ്യമാക്കുന്ന പുതിയൊരു ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകുന്നതിന് ഹരിതകേരളം മിഷന്റെ ജല സംരക്ഷണ ഉപമിഷൻ ലക്ഷ്യംവയ്ക്കുന്നു. ആ ലക്ഷ്യത്തിലേക്ക് ഏറെ മുന്നേറിയിരിക്കുന്നുവെന്ന് മിഷന്റെ ഏറ്റവുമൊടുവിലത്തെ പ്രവർത്തനറിപ്പോർട്ട് വ്യക്തമാക്കുന്നു.

മിഷൻ നിലവിൽ വന്ന 2016 ഡിസംബർ എട്ടുമുതൽ 2023 ഫെബ്രുവരിവരെയുള്ള കാലയളവിൽ സൂക്ഷ്മവും കണിശവുമായ കർമപദ്ധതികളിലൂടെയും സജീവ ജനപങ്കാളിത്തത്തോടെയും ഹരിതകേരളം മിഷൻ തിരിച്ചു പിടിച്ചത് 400 കിലോമീറ്റർ പുഴയും 60,855 കിലോമീറ്റർ നീർച്ചാലുകളും 26,589 കുളവുമാണ്. കൂടാതെ 21,698 കുളം പുതുതായി തീർത്തും 33,633 കിണർ കുഴിച്ചും ജലസമ്പത്ത് വർധിപ്പിച്ചു. 313 സ്ഥിരം തടയണയും 28,282 താൽക്കാലിക തടയണയും നിർമിച്ച് ജലസംരക്ഷണത്തിന് ആക്കം കൂട്ടി.

മുതലാളിത്ത വികസന നയങ്ങൾക്ക് ബദലായി ജനകീയ വികസന നയങ്ങൾ നടപ്പാക്കുന്ന ജനകീയ സർക്കാരിന്, അതിനേറ്റവും അത്യന്താപേക്ഷിതമായ പ്രകൃതിവിഭവങ്ങളുടെ, മനുഷ്യവിഭവശേഷിയുടെ വീണ്ടെടുപ്പിലൂടെ കരുത്തുറ്റ പിന്തുണയേകുകയാണ് ഹരിതകേരളം മിഷനും അതിന്റെ ജനകീയ അടിത്തറയും. അത് വിഭാവനം ചെയ്യുന്ന പുതിയ കേരളം പുതിയ ലോകത്തിന് മാതൃകയാകുന്നതും അതിന്റെ ജനപങ്കാളിത്തത്താലാണ്

**മുഖപ്രസംഗം കേൾക്കാൻ
ക്യു ആർ കോഡ്
സ്കാൻ ചെയ്യുക**

‘ഇനി ഞാനൊഴുകട്ടെ’ എന്ന പദ്ധതി വഴി വീണ്ടെടുക്കുന്ന നീർച്ചാലുകളുടെയും പുഴകളുടെയും തീരങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതോടെ അവ സുരക്ഷിതമാകുന്നു. പശ്ചിമഘട്ട മേഖലയിലെ നീർച്ചാൽ ശൃംഖലകളെ ശാസ്ത്രീയമായി കണ്ടെത്തി വീണ്ടെടുക്കുന്നതിന് രൂപംനൽകിയ മാപ്പത്തൺ പദ്ധതിയിൽ 230 പഞ്ചായത്തിനെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും പരമാവധി ലഘൂകരിക്കുകയെന്ന പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാനായാൽ അത് പ്രകൃതി ദുരന്തങ്ങൾക്കെതിരായ പ്രതിരോധത്തിലെ നാഴികക്കല്ലാകും.

മണ്ണിനെയും വായുവിനെയും വെള്ളത്തെയും വിഷലിപ്തമാക്കുന്ന മലിനീകരണത്തിൽനിന്ന് നാടിനെ മുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഹരിതകർമസേനയിലെ 30,830 സന്നദ്ധസേവകർ 1034 തദ്ദേശഭരണ സ്ഥാപനത്തിലെ എല്ലാ വീടുകളിൽനിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുന്നു. ജനുവരി 26ന് ആരംഭിച്ച ‘വലിച്ചെറിയൽ മുക്ത കേരളം’ പദ്ധതി 2025 ആഗസ്തിൽ പൂർത്തിയാകുമ്പോൾ വൃത്തിയുള്ള നവകേരളമെന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടും. 99 ഗ്രാമത്തിൽ നടപ്പാക്കിവരുന്ന നെറ്റ് സീറോ കാർബൺ പദ്ധതി പരിസ്ഥിതി സൗഹാർദ നവകേരളം ലക്ഷ്യംവയ്ക്കുന്നു.

സമൃദ്ധമായ പച്ചപ്പും സമ്പന്നമായ വെള്ളശേഖരവുമാണ് കേരളത്തിന്റെ ജീവസ്രോതസ്സ്. ഈ സ്രോതസ്സുകൾ സംരക്ഷിക്കാനും നിലനിർത്താനുമുള്ള ചുവടുകളുടെ സാഫല്യത്തിലേക്കാണ് കേരളം മുന്നേറുന്നത്. നമ്മുടെ മാധ്യമങ്ങൾ ഇതൊന്നും കാണുന്നില്ല. മൂലധനശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന മാധ്യമങ്ങൾ ജനങ്ങളുടെ ഇച്ഛാശക്തിയുടെ ഗുണഫലങ്ങൾ അവഗണിക്കുന്നത് ബോധപൂർവം തന്നെയാണെന്നത് വ്യക്തമാണല്ലോ.

മുതലാളിത്ത വികസന നയങ്ങൾക്ക് ബദലായി ജനകീയ വികസന നയങ്ങൾ നടപ്പാക്കുന്ന ജനകീയ സർക്കാരിന്, അതിനേറ്റവും അത്യന്താപേക്ഷിതമായ പ്രകൃതിവിഭവങ്ങളുടെ, മനുഷ്യവിഭവശേഷിയുടെ വീണ്ടെടുപ്പിലൂടെ കരുത്തുറ്റ പിന്തുണയേകുകയാണ് ഹരിതകേരളം മിഷനും അതിന്റെ ജനകീയ അടിത്തറയും. അത് വിഭാവനം ചെയ്യുന്ന പുതിയ കേരളം പുതിയ ലോകത്തിന് മാതൃകയാകുന്നതും അതിന്റെ ജനപങ്കാളിത്തത്താലാണ്.

പ്രതികരണം

editdbi@gmail.com

റോഡ് വെട്ടിപ്പൊളിക്കരുത്

പൊതുമരാമത്ത് പുതുക്കിപ്പണിത നല്ല റോഡുകൾ മറ്റു പല വകുപ്പുകളും പൈപ്പിടാനും മറ്റുമായി കുത്തിപ്പൊളിക്കുന്നത് ശരിയല്ല. ഉദ്ഘാടനം കഴിഞ്ഞ് ഒരു മാസത്തിനകംതന്നെ പല റോഡും അരികിലും മറ്റും പൊളിച്ചു. ചിലയിടത്ത് ഈ കുഴികൾ മൂടാത്തതിനാൽ അപകടമുണ്ടാകുന്നു. ഇക്കാര്യത്തിൽ അധികാരികളുടെ അടിയന്തര ശ്രദ്ധയുണ്ടാകണം.

ഓച്ചിറ ശിവകുമാർ പ്രയാർ വടക്ക്

മനുഷ്യൻ നന്നായാൽ മതി

ശ്രീനാരായണ ഗുരു ഉദ്ബോധിപ്പിച്ച ‘മതമേതായാലും മനുഷ്യൻ നന്നായാൽ മതി’ എന്ന ആശയത്തിന്റെ പ്രസക്തി നാൾക്കുനാൾ വർധിച്ചുവരുന്ന സാഹചര്യമാണ്. മതമേതായാലും എന്നു പറയുമ്പോൾത്തന്നെ മതത്തിന് ഒരു പ്രാധാന്യവും ഗുരുദേവൻ നൽകിയിട്ടില്ലെന്നു വ്യക്തമാണ്. മാത്രമല്ല, ഗുരുവിന്റെ ശിഷ്യനായ സഹോദരൻ അയ്യപ്പന്റെ ‘ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന്’ എന്ന വീക്ഷണവും അവസാന നാളുകളിൽ ഗുരുദേവൻ അംഗീകരിച്ചതായി കേട്ടിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ സമൂഹത്തിൽ ജാതി മത ചിന്തകൾ ശക്തമായി തിരിച്ചുവരുന്നു. അത് പ്രബുദ്ധ കേരളത്തെ പിന്നോട്ടടിപ്പിക്കുമെന്ന് ഉറപ്പാണ്.

വി എസ് ബാലകൃഷ്ണൻ തൊടുപുഴ

നുണപ്രചാരണമല്ല ആവിഷ്കാരസ്വാതന്ത്ര്യം

ദ കേരള സ്റ്റോറി എന്ന സിനിമ പരക്കെ ചർച്ചയായിരിക്കുകയാണല്ലോ. കേരളത്തിൽനിന്ന് മുസ്ലിം യുവാക്കൾ പ്രേമിച്ച് വിവാഹം കഴിക്കുന്ന പെൺകുട്ടികളെ ഭീകരസംഘടനകളിൽ ചേർത്ത് ജിഹാദികൾ ആക്കുകയാണെന്ന ആശയമാണ് സിനിമ പറയുന്നത്. ഒരു പ്രത്യേക മതവിഭാഗത്തോട് വിദ്വേഷമുണ്ടാക്കുന്ന രീതിയിലാണ് സിനിമ. നാടിനെ മോശമായി ചിത്രീകരിക്കുന്ന ഈ സിനിമ എല്ലാ കേരളീയർക്കും അപമാനമാണ്. നുണപ്രചാരണമല്ല ആവിഷ്കാരം.

അസലം കണ്ണത്ത്

ഡയലോഗ്

ജനാധിപത്യം നിലനിൽക്കാനും കർണാടകയുടെ ഭാവിക്കുമായി ബിജെപിയുടെ വിജയം തടഞ്ഞേ മതിയാകൂ. അവർ വാഗ്ദാനം ചെയ്യുന്ന ഏക സിവിൽ കോഡും ദേശീയ പൗരത്വ രജിസ്റ്ററും ജനതയെ ഭിന്നിപ്പിക്കും. ഉത്തരേന്ത്യയിലെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും അനുഭവം കർണാടകയിലെ ജനത മനസ്സിലാക്കും

**പി ചിദംബരം
മുൻ കേന്ദ്രമന്ത്രി**

ചരിത്രത്തിൽ ഇന്ന്

08

1828	റെഡ്ക്രോസ് സ്ഥാപകൻ ഹെൻട്രി ഡ്യൂനാന്റ് ജനിച്ചു
1898	ആദ്യ ഇറ്റാലിയൻ ലീഗ് ഫുട്ബോൾ മത്സരങ്ങൾ ആരംഭിച്ചു
1914	പാരാമൗണ്ട് പിക്ചേഴ്സ് സ്ഥാപിതമായി
1916	സ്വാമി ചിന്മയാനന്ദ ജനിച്ചു
1954	ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ സ്ഥാപിതമായി
1980	വസൂരി തുടച്ചുനീക്കിയതായി ഡബ്ല്യുഎച്ച്ഒ പ്രഖ്യാപിച്ചു

ജനാധിപത്യത്തിന്റെ മരണം

സുനിൽ പി ഇളയിടം



ഇന്ത്യൻ ജനാധിപത്യത്തിന്റെ ഈ സമ്പൂർണ പതനത്തിന്റെ അടയാളമാണ് അനുദിനം നമുക്കുചുറ്റും പടരുന്ന വെറുപ്പും വിദ്വേഷവും. ആൾക്കൂട്ടക്കൊലകളും വ്യാജ ഏറ്റുമുട്ടൽക്കൊലകളുംമുതൽ മതത്തെ മുൻനിർത്തിയുള്ള വേട്ടയാടലുകൾവരെയായി നിയമവാഴ്ചയുടെ തകർച്ചയുടെ ചിത്രം ഓരോ ദിവസവും ഇന്ത്യൻ ജനതയ്ക്ക് മുന്നിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഗ്രാമ- നഗര ഭേദമില്ലാതെ, ഇന്ത്യൻ ജീവിതപരിസരത്തെ പതിവുകാഴ്ചയായി അത് മാറിക്കൊണ്ടിരിക്കുന്നു

സ്വാതന്ത്ര്യപ്രാപ്തിയുടെ 75–ാം വർഷത്തിൽ ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയയുടെ സ്വഭാവവും സ്ഥിതിയും എന്താണ്. ഒറ്റവാക്യത്തിൽ പറഞ്ഞാൽ ഇന്ത്യൻ ജനാധിപത്യം മരണമടയുകയാണ്. രാഷ്ട്രീയ ഭൂരിപക്ഷത്തെ വർഗീയ ഭൂരിപക്ഷംകൊണ്ട് പകരംവയ്ക്കാനാകുമെന്നതാണ് ഇന്ത്യൻ ജനാധിപത്യം നേരിടാനിരിക്കുന്ന ഏറ്റവുംവലിയ ഭീഷണിയെന്ന് ഡോ. ബി ആർ അംബേദ്കർ ഭരണഘടനാ നിർമാണവേളയിൽ ചൂണ്ടിക്കാട്ടിയിരുന്നു. വർത്തമാന കാലത്ത് അക്ഷരാർഥത്തിൽ അത് നടപ്പായിക്കൊണ്ടിരിക്കുന്നു. ഭരണാധികാരികൾ ഭരണഘടനാമൂല്യങ്ങളെ മാനിക്കുന്നില്ലെങ്കിൽ എത്ര മികവുറ്റ ഭരണഘടനകൊണ്ടും നമുക്ക് ജനാധിപത്യത്തെ സംരക്ഷിക്കാനാകില്ലെന്ന അദ്ദേഹത്തിന്റെ നിഗമനത്തെയും നമ്മുടെ കാലം ശരിവയ്ക്കുന്നു. രാഷ്ട്രീയ ജനാധിപത്യവും സാമൂഹ്യ ജനാധിപത്യവും സാമ്പത്തിക ജനാധിപത്യവും ഉൾപ്പെട്ട ഒരു തത്വമാണ് ജനാധിപത്യത്തിന്റെ ശരിയായ ഉള്ളടക്കമെന്ന ആശയത്തിൽനിന്ന്, രാഷ്ട്രീയ ജനാധിപത്യംപോലും ഒരു പുറന്തോട് മാത്രമായി കഴിഞ്ഞ പതനത്തിലേക്ക് രാജ്യം എത്തിയിരിക്കുന്നു. സാമ്പത്തികവും സാമൂഹ്യവുമായ ജനാധിപത്യമാകട്ടെ ജീവിതത്തിന്റെ വിദൂര ചക്രവാളത്തിൽനിന്നുപോലും മാഞ്ഞുപോയിരിക്കുന്നു.

പുറന്തോണ്ടായി മാറുന്ന ജനാധിപത്യം

കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിനു പിന്നാലെ സഭാസമ്മേളനങ്ങളുടെ പ്രവർത്തന കാലയളവിനെക്കുറിച്ച് വിശദീകരിക്കുന്ന ചില വാർത്തകൾ പുറത്തുവന്നിരുന്നു (ഹിന്ദു ദിനപത്രം, 12.4.2023). അതനുസരിച്ച് സ്വതന്ത്ര ഇന്ത്യയിലെ അഞ്ചുവർഷം പൂർത്തിയാക്കിയ സഭകളിൽ ഏറ്റവും കുറവ് ദിവസം സമ്മേളിച്ചത് നിലവിലെ 17–ാം ലോക്സഭയാണ്. കാലാവധി തീരാൻ ഒരുവർഷംമാത്രം ബാക്കിനിൽക്കെ ഇതുവരെ 230 ദിവസമാണ് സമ്മേളിച്ചത്. പ്രതിവർഷം ശരാശരി 58 ദിവസംമാത്രം. തൊട്ടുമുമ്പുള്ള 16–ാം ലോക്സഭ സമ്മേളിച്ചത് 331 ദിവസമാണ്. 17–ാം ലോക്സഭ അതിനെ മറികടക്കാൻ സാധ്യതയില്ലെന്ന് ആ റിപ്പോർട്ട് പറയുന്നു. അതനുസരിച്ച് ഏറ്റവും കുറച്ചു ദിവസം സമ്മേളിച്ച സഭയായി നിലവിലുള്ള സഭ മാറിത്തീരുമെന്നും. 1952–1970ൽ ശരാശരി 120 ദിവസം സമ്മേളിച്ചിരുന്നതിൽനിന്ന് നേർപകുതിയിൽ താഴേക്ക് (58) സമ്മേളന ദിവസങ്ങൾ എത്തിയിരിക്കുന്നു. ഏറ്റവുമൊടുവിലെ സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെട്ടതിന്റെ 33 ശതമാനം സമയം മാത്രമാണ് ലോക്സഭ പ്രവർത്തിച്ചത്. രാജ്യസഭ 24 ശതമാനവും.

സഭ സമ്മേളിക്കുന്ന ദിവസങ്ങളിലെ ഈ കുറവ് ഒട്ടും യാദൃച്ഛികമല്ല. സമകാലിക ഇന്ത്യയിൽ ജനാധിപത്യം ഒരു പുറന്തോട് മാത്രമായി എങ്ങനെ മാറിത്തീർന്നിരിക്കുന്നു എന്നതിന്റെ വിശദീകരണംകൂടിയാണ് അതിലുള്ളത്. സഭ സമ്മേളിക്കുമ്പോൾത്തന്നെ അത് ജനാധിപത്യത്തിന്റെ വിശാലമൂല്യങ്ങളെ ഉൾക്കൊള്ളുന്ന നിലയിലല്ലെന്ന കാര്യവും ഇവിടെ ശ്രദ്ധിക്കണം. കേവല ഭൂരിപക്ഷംമാത്രം മാനദണ്ഡമാകുന്ന ഇപ്പോഴുള്ള അതിന്റെ പ്രവർത്തനരീതിയെ ജനാധിപത്യമെന്ന് വിശേഷിപ്പിക്കാൻ ആകുകയുമില്ല. ‘വ്യത്യസ്തമായിരിക്കാനും ആ വ്യത്യസ്തതയുടെ പേരിൽ വേട്ടയാടപ്പെടാതിരിക്കാനുമുള്ള അവകാശം’ എന്നുമാണ് ജനാധിപത്യത്തെ അംബേദ്കർ വിശദീകരിച്ചത്. ‘മെജോറിറ്റേറിയനിസം’ എന്ന് വിശദീകരിക്കപ്പെടുന്ന കേവല ഭൂരിപക്ഷവാദത്തിനെതിരെ, വിയോജിക്കാനുള്ള അവകാശത്തെ ജനാധിപത്യത്തിന്റെ ഹൃദയ തത്വമായി അവതരിപ്പിക്കുന്ന ഒരു സമീപനമാണ് അംബേദ്കർ മുന്നോട്ടുവച്ചത്.

ഫാസിസത്തിന്റെ മറ

കേവല ഭൂരിപക്ഷവാദമായി ചുരുക്കിയാൽ ജനാധിപത്യത്തെത്തന്നെ ഫാസിസത്തിന്റെ മറയായി ഉപയോഗിക്കാനാകും. ഇന്ത്യൻ പാർലമെന്റിന്റെ സമീപകാല പ്രവർത്തനരീതികൾ അതിലേക്ക് വിരൽ ചൂണ്ടുന്നതാണ്. പാർലമെന്റിലെ കേവല ഭൂരിപക്ഷം ഉപയോഗിച്ച് ഭരണഘടനാ വ്യവസ്ഥകളെത്തന്നെ അട്ടിമറിക്കുന്നതിനടക്കം നാം സമീപകാലത്ത് സാക്ഷ്യം വഹിക്കുകയുണ്ടായി. കശ്മീരിന്റെ സവിശേഷപദവി എത്രയോ വിപുലമായ ചർച്ചകളിലൂടെയാണ് ഭരണഘടനാ അസംബ്ലി തീരുമാനിച്ചത്. ആ ഭരണഘടനാതത്വം ഒരു ദിവസംകൊണ്ട് റദ്ദുചെയ്യപ്പെട്ടു. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ബില്ലുകൾ കേവല ഭൂരിപക്ഷത്തിന്റെ മറവിൽ പാസാക്കിക്കൊണ്ടേയിരിക്കുന്നു. പിൻവലിക്കപ്പെട്ട കർഷക ബില്ലും പുത്തൻ വിദ്യാഭ്യാസനയവുമെല്ലാം ഇങ്ങനെയാണ് നിലവിൽവന്നത്. ഭരണഘടനയുടെ ഒന്നാം അനുച്ഛേദം ഉറപ്പാക്കുന്ന ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തിനുമേലുള്ള കടന്നാക്രമണങ്ങൾ കൂടിയായിരുന്നു ആ നിയമങ്ങൾ. സംസ്ഥാനങ്ങളുടെ കാര്യനിർവഹണത്തിന്റെ പരിധിയിൽവരുന്ന കാര്യങ്ങളിൽ ഭരണപരമായ ഉത്തരവുകളിലൂടെ തീരുമാനങ്ങൾ കൈക്കൊള്ളുന്ന സ്ഥിതിവരെ ഇന്നുണ്ടായിട്ടുണ്ട്. ഇനിയുള്ള ഒന്നോ രണ്ടോ പതിറ്റാണ്ടുകാലം ഇന്ത്യയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കാകെ അടിത്തറയൊരുക്കുന്ന നയമാണ് 2020ൽ പുത്തൻ വിദ്യാഭ്യാസനയം (എൻഇപി) എന്നപേരിൽ അവതരിപ്പിക്കപ്പെട്ടത്. അതെവിടെയും ചർച്ചചെയ്യപ്പെട്ടില്ല. പാർലമെന്റിലോ സംസ്ഥാന നിയമസഭകളിലോ ചർച്ചചെയ്തില്ല. അധ്യാപകരോടോ, വിദ്യാർഥികളോടോ, വിദ്യാഭ്യാസവിചക്ഷണരോടോ, പൊതുസമൂഹത്തോടോ അതുസംബന്ധിച്ചുള്ള കൂടിയാലോചനകൾ നടന്നില്ല. കേവല ഭൂരിപക്ഷം ഉപയോഗിച്ച് എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ദീർഘകാല നയങ്ങൾവരെ അടിച്ചേൽപ്പിക്കാൻ തുനിയുമ്പോൾ പാർലമെന്റും പാർലമെന്ററി ജനാധിപത്യവും നോക്കുകുത്തിപോലുമല്ലാതാകും.

പരിശോധനകൾ റദ്ദാക്കി

പാർലമെന്റിന്റെ പ്രവർത്തനത്തിൽ സമീപകാലത്ത് പ്രകടമായ മറ്റൊരു പ്രവണത ചർച്ചകളുടെയും ഉപസമിതികളുടെ സൂക്ഷ്മപരിശോധനയെയും സമ്പൂർണമായി റദ്ദാക്കുന്ന രീതിയാണ്. ഓരോ ബില്ലിന്റെയും വിശദാംശം സൂക്ഷ്മമായി പരിശോധിച്ച് അന്തിമാംഗീകാരം നൽകുന്ന രീതി മിക്കവാറും അവസാനിച്ചിരിക്കുന്നു. പാർലമെന്ററി ഉപസമിതികളുടെ വിശദപരിശോധനയ്ക്ക് പുതിയ നിയമനിർമാണങ്ങൾ വിധേയമാകുന്നില്ല. പാർലമെന്റിലാകട്ടെ കേവല ഭൂരിപക്ഷത്തിന്റെ ബലത്തിൽ എന്തും തീരുമാനിക്കപ്പെടുകയും ചെയ്യുന്നു. പിൻവലിക്കപ്പെട്ട കർഷക ബിൽ രാജ്യസഭ പാസാക്കിയതായി പ്രഖ്യാപിച്ച സന്ദർഭത്തിലെന്നപോലെ, സഭയിൽ ഭൂരിപക്ഷമില്ലാത്തപ്പോൾ കൃത്രിമമായി ഭൂരിപക്ഷം ഉണ്ടെന്ന് നടിക്കാനും അതിന്റെ ബലത്തിൽ നിയമനിർമാണത്തിലേർപ്പെടാനും മടിയില്ലാത്ത സർക്കാരായി മാറിക്കഴിഞ്ഞു. ജനാധിപത്യം തങ്ങളുടെ ഇച്ഛയുടെ നിർവഹണം മാത്രമാണെന്ന് കരുതുകയും ഭരണഘടനാപരമായ സ്ഥാപന സംവിധാനങ്ങളെല്ലാം അപ്രസക്തമോ അനാവശ്യമോ ആയി വിലയിരുത്തി അവയെ എത്രയും ക്രമവിരുദ്ധമായി മറികടക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഇപ്പോൾ സ്വാഭാവികമായിത്തീർന്നിരിക്കുന്നു.

സാർവത്രികതകർച്ച

നമ്മുടെ ജനാധിപത്യപ്രക്രിയയിലെ ആധാരങ്ങൾ സ്വതന്ത്രവും സ്വയംപര്യാപ്തവും ഭരണഘടനാപരമായ സ്ഥാപന സംവിധാനങ്ങളാണ്. നിയമനിർമാണസഭ, കോടതി ഭരണനിർവഹണ വിഭാഗം എന്നീ സ്ഥാപനങ്ങളിൽ അവസാനത്തേതായ ഭരണനിർവഹണവിഭാഗം ഇതര വിഭാഗങ്ങളെ വിഴുങ്ങുന്നതിന്റെ ചിത്രമാണ് നമുക്കുമുന്നിൽ പടിപടിയായി ഇതൾ വിരിഞ്ഞുവരുന്നത്. നിയമനിർമാണാധികാരമുള്ള പാർലമെന്റിന്റെയും നീതിന്യായനിർവഹണത്തിന് ചുമതലപ്പെട്ട കോടതിയുടെയും അധികാരമേഖലകളിലേക്ക് ഭരണനിർവഹണവിഭാഗമായ എക്സിക്യൂട്ടീവ് കൂടുതൽ കൂടുതൽ കടന്നുകയറിക്കൊണ്ടിരിക്കുന്നു. സർവാധികാരിയായ നേതാവിന്റെ ഇംഗിതങ്ങൾ നടപ്പാക്കുന്ന ഭരണനിർഹണവിഭാഗംമാത്രം ബലിഷ്ഠമായി തുടരുകയും ഇതര ഘടകങ്ങൾ അത്യന്തം ദുർബലമായ അനുബന്ധങ്ങളായി മാറുകയും ചെയ്യുന്നതോടെ ജനാധിപത്യം ഫലത്തിൽ അമിതാധികാരത്തിലേക്കും സ്വേച്ഛാധിപത്യത്തിലേക്കുമുള്ള വഴികൾ തുറക്കുകയാണ് ചെയ്യുന്നത്. ഇന്ത്യയിൽ നാമിപ്പോൾ അഭിമുഖീകരിക്കുന്ന സ്ഥിതിവിശേഷം മറ്റൊന്നല്ല. കാലാവധി പൂർത്തിയാക്കിയ ന്യായാധിപന്മാർ തൊട്ടടുത്ത ദിവസംതന്നെ നാനാതരം പദവികൾക്കും ഭരണകൂടത്തിന്റെ ഔദാര്യത്തിനുമായി കാത്തുനിൽക്കുന്നതിന്റെ ചിത്രങ്ങൾ നമ്മോട് വിളിച്ചുപറയുന്നതും മറ്റൊന്നല്ല. ജനാധിപത്യത്തിന്റെ നാലാം തൂണായി വാഴ്ത്തപ്പെട്ട മാധ്യമലോകം മൂലധന താൽപ്പര്യങ്ങളുടെയും മത വർഗീയവാദികളുടെയും ദാസ്യവേലയിൽ എത്തിപ്പെട്ടതിന്റെ ചിത്രം എത്രയും പ്രകടവുമാണ്.

വിനാശകരമായ ഈ പ്രക്രിയയുടെ മറ്റൊരു രൂപമാണ് ഭരണഘടനാ സ്ഥാപനങ്ങളുടെ സമ്പൂർണമായ തകർച്ചയും വിവിധ അന്വേഷണ ഏജൻസികളുടെ നഗ്നമായ ദുരുപയോഗവും. തെരഞ്ഞെടുപ്പുകമീഷനും സിഎജിയും മുതൽക്കിങ്ങോട്ടുള്ള ഒട്ടുമിക്കവാറും ഭരണഘടനാ സ്ഥാപനങ്ങൾ സർക്കാരിന്റെ കീഴ് സ്ഥാപനങ്ങളുടെ നിലവാരത്തിലെത്തി കഴിഞ്ഞു. അന്വേഷണ ഏജൻസികൾ രാഷ്ട്രീയവേട്ടയുടെ ഉപകരണമായി തീർന്നതിന് ഇതിലും വലിയ ദൃഷ്ടാന്തങ്ങൾ ഒരുകാലത്തും ഉണ്ടായിട്ടില്ല. 2014 മുതൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എടുത്ത കേസുകളിൽ 95 ശതമാനവും രാഷ്ട്രീയ എതിരാളികൾക്ക് എതിരെയാണെന്ന് സമീപകാലത്ത് ചൂണ്ടിക്കാണിക്കപ്പെട്ടത് ഒരുദാഹരണം. ‘തെരഞ്ഞെടുപ്പ് വഴിയുള്ള സമഗ്രാധിപത്യ’ നടപ്പാകുന്നത് ജനാധിപത്യത്തിലെ സ്ഥാപനങ്ങളെത്തന്നെ ഉപയോഗപ്പെടുത്തിക്കൊണ്ടാണെന്ന രാഷ്ട്രീയ ചിന്തകർ ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്റെ മികച്ച മാതൃകയാണ് ഇന്നത്തെ ഇന്ത്യ.

ജനാധിപത്യപ്രക്രിയയിലെ ഈ സാർവത്രികതകർച്ചയെ വെളിവാക്കുന്ന വിധത്തിൽ, സ്വാതന്ത്ര്യ സൂചികയിലെ (ഹ്യൂമൻ ഫ്രീഡം ഇൻഡക്സ്) ഇന്ത്യയുടെ സ്ഥാനം 2013ൽ 90 ആയിരുന്നത് 2021ൽ 119ലേക്ക് നിലംപൊത്തി. ജനാധിപത്യത്തിന്റെ വ്യത്യസ്ത മാതൃകകൾ പഠനവിധേയമാക്കുന്ന സ്വീഡനിലെ പഠന സമിതി കഴിഞ്ഞ 10 വർഷത്തിനിടയിൽ ‘ഏറ്റവും ചീത്തയായ ജനാധിപത്യമാതൃക’യുടെ (Worst Democracy) ഗണത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാധിപത്യമെന്ന വിഭാഗത്തിലാണ് ഇന്ത്യൻ ജനാധിപത്യത്തെ ആ പഠനം ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഈ സമ്പൂർണ പതനത്തിന്റെ അടയാളമാണ് അനുദിനം നമുക്കുചുറ്റും പടരുന്ന വെറുപ്പും വിദ്വേഷവും. ആൾക്കൂട്ടക്കൊലകളും വ്യാജമായ ഏറ്റുമുട്ടൽക്കൊലകളുംമുതൽ മതത്തെ മുൻനിർത്തിയുള്ള വേട്ടയാടലുകൾവരെയായി നിയമവാഴ്ചയുടെ തകർച്ചയുടെ ചിത്രം ഓരോ ദിവസവും ഇന്ത്യൻ ജനതയ്ക്ക് മുന്നിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഗ്രാമ- നഗര ഭേദമില്ലാതെ, ഇന്ത്യൻ ജീവിതപരിസരത്തെ പതിവുകാഴ്ചയായി അത് മാറിക്കൊണ്ടിരിക്കുന്നു. അരനൂറ്റാണ്ടുമുമ്പ് ഒരൊറ്റ രാത്രിയിലെ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിലൂടെയാണ് ഇന്ത്യൻ ജനാധിപത്യം സ്തബ്ധമായി തീർന്നതെങ്കിൽ, ഇന്നത് അനുദിനം പടിപടിയായി മരിക്കുകയാണ്. നിത്യേന അരങ്ങേറുന്ന ഈ ജനാധിപത്യ ഹിംസയുടെ നാനാതരം അടയാളങ്ങളാണ് മുകളിൽ പറഞ്ഞതെല്ലാം. ഒരു നൂറ്റാണ്ടുനീണ്ട വിമോചനപ്പോരാട്ടങ്ങളിലൂടെ കൈവരിച്ച് ദേശീയ സ്വാതന്ത്ര്യത്തെയും ജനാധിപത്യസംവിധാനങ്ങളെയും സംരക്ഷിക്കാനുള്ള അന്തിമശ്രമങ്ങൾക്കുള്ള സമയമായി എന്നതാണ് ഇതെല്ലാം നമ്മോടു പറയുന്നത്. സാർവദേശീയഗാനം പറയുന്നതുപോലെ ‘ഒടുവിലത്തെ യുദ്ധമായ നിലയെടുത്തു നിൽക്കുവിൻ’ എന്ന് ചരിത്രത്തിന്റെ ആഹ്വാനം ചുറ്റും മുഴങ്ങുന്നു.

‘പുതുലോക ശിൽപ്പികൾ ഞങ്ങൾ’

എൻ ആദിൽ

നവകേരളത്തിന്റെ കാഴ്ചപ്പാടുകളിൽ പുതിയ ലോകം കെട്ടിപ്പടുക്കാനുള്ള കരുത്തുമായി ബാലസംഘത്തിന്റെ വേനൽത്തുമ്പികൾ പര്യടനം ആരംഭിച്ചു. ദേശീയ ബാലസംഘത്തിന്റെ 85 വർഷത്തിന്റെ കരുത്തുമായാണ് വേനൽത്തുമ്പികൾ കടന്നുവരുന്നത്. സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ നാളുകളിൽ ജന്മിത്തത്തോടും അന്ധവിശ്വാസങ്ങളോടും പടപൊരുതാൻ കുട്ടികളെ പ്രാപ്തമാക്കി, 1938ൽ കണ്ണൂരിലെ കല്യാശേരിയിൽ പിറവിയെടുത്തതാണ് ബാലസംഘം. രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന സമകാലീന വെല്ലുവിളികളെ ചെറുത്തു തോൽപ്പിക്കാനുള്ള കരുത്ത് വേനൽത്തുമ്പി കലാജാഥയിലൂടെ കുട്ടികൾക്ക് നൽകുകയാണ്.

30,704 യൂണിറ്റും 13 ലക്ഷം അംഗങ്ങളുമുള്ള കേരളത്തിലെ ഏറ്റവും വലിയ ബാലപ്രസ്ഥാനമായി ബാലസംഘം വളർന്നു. ബദൽ വിദ്യാഭ്യാസ സാംസ്കാരിക പ്രസ്ഥാനം എന്ന നിലയിലാണ് ബാലസംഘം പ്രവർത്തിക്കുന്നത്. കുട്ടികളുടെ പഠനത്തെ സഹായിക്കുക, അവരുടെ ഉള്ളിലുള്ള സർഗശേഷികൾക്ക് വളരാൻ അവസരം നൽകുക, ശാസ്ത്രീയമനോഭാവവും ചരിത്രാവബോധവുമുള്ള മനുഷ്യസ്നേഹികളും തന്റേടമുള്ളവരുമായി വളരാൻ പിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. കുട്ടികളെ മയക്കുമരുന്നിനടിമപ്പെടുത്താനുള്ള മാഫിയകളുടെ ശ്രമത്തിനെതിരായ വിട്ടുവീഴ്ചയില്ലാത്ത സമരത്തിലാണ് ബാലസംഘം. ലക്ഷ്യങ്ങൾ നേടാനുള്ള വൈവിധ്യമാർന്ന അനേകം അവസരങ്ങൾ ബാലസംഘം ഒരുക്കുന്നുണ്ട്. അത്തരം അന്വേഷണത്തിനിടയിലാണ് കുട്ടികളുടെ കലാജാഥ എന്ന സങ്കൽപ്പത്തിൽ ഞങ്ങളെത്തിച്ചേരുന്നത്.

സംസ്ഥാനത്തെ മുഴുവൻ ഏരിയകളിലും കലാജാഥ നടക്കുന്നു. 208 ഏരിയ കലാജാഥയിലായി നാലായിരത്തോളം കുട്ടി കലാകാരന്മാർ പ്രകടനങ്ങൾ അവതരിപ്പിക്കുന്നു. 85 വർഷത്തെ ബാലസംഘത്തിന്റെ വളർച്ചയിൽ 33 വർഷംമുമ്പ് തൃത്താലയിൽനിന്ന് ചിറകുവിരിച്ച വേനൽത്തുമ്പികൾ നിർണായക കുതിപ്പായിരുന്നു. ബാലസംഘത്തിന്റെ ആദ്യ പരിശീലന ക്യാമ്പ് നടന്ന തൃത്താലയിലാണ് ഈവർഷത്തെ സംസ്ഥാന ക്യാമ്പും നടന്നത്.

കലാജാഥകളിലൂടെ ഓരോ കാലത്തെയും സാമൂഹ്യവിഷയങ്ങളെ കുട്ടികളുടെ കാഴ്ചപ്പാടുകളിലൂടെ അവതരിപ്പിച്ചു. വേനൽത്തുമ്പിയിലൂടെ സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ, വിശിഷ്യ കലാരംഗത്ത് പ്രകാശിതരായ നിരവധി പേരെ വാർത്തെടുക്കാനായി. കുട്ടികളുടെ അഭിപ്രായങ്ങളെ നാടകങ്ങളിലൂടെയും നൃത്തച്ചുവടുകളിലൂടെയും കേരളീയ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിച്ച സമ്പന്നമായ ഇന്നലെകളാണ് വേനൽത്തുമ്പികളുടെ ചരിത്രം. ഭഗത് സിങ്, നുജൂദ്, മലാല തുടങ്ങി ചരിത്രത്തിൽ ഇടം നേടിയവരെ വേനൽത്തുമ്പികളിലൂടെ നാടിനു പരിചയപ്പെടുത്തി. നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിന് സംഭാവനകൾ നൽകിയ രചനകൾ നാടകങ്ങളായും സംഗീതമായും വേനൽത്തുമ്പിയിലൂടെ പൊതുസമൂഹത്തിലേക്ക് എത്തി.

ഈവർഷത്തെ വേനൽത്തുമ്പി കലാജാഥയിലെ പ്രധാനപ്പെട്ട അഞ്ച് രചന ബാലസംഘത്തിന്റെ പ്രവർത്തകരായ കുട്ടികളാണ് നിർവഹിച്ചത്. ചൊവ്വയിലേക്ക് പറക്കാൻ തയ്യാറെടുക്കുന്ന പെൺകുട്ടിയിലൂടെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിശിതമായി വിമർശിക്കുകയാണ് പത്താം ക്ലാസ് വിദ്യാർഥിയായ ബാലസംഘത്തിന്റെ സംസ്ഥാന അക്കാദമിക് സമിതി അംഗമായ സിനാഷ എഴുതിയ ആകാശത്തിലെ അധീന എന്ന നാടകം.

ചരിത്ര വസ്തുതകളെ വളച്ചൊടിക്കുന്ന പുതിയ കാലത്ത് ചരിത്ര സത്യങ്ങളിലേക്കുള്ള അന്വേഷണമാണ് സത്യാന്വേഷണം എന്ന നാടകം. ഗാന്ധി രക്തസാക്ഷിത്വ ദിനത്തിന്റെ 75–ാം വാർഷികത്തിൽ ഗാന്ധിജി കൊല്ലപ്പെട്ടതാണെന്ന് ഉറക്കെ വിളിച്ചുപറയുകയാണ് ബാലസംഘത്തിന്റെ തിരൂരങ്ങാടി ഏരിയ ജോയിന്റ് സെക്രട്ടറിയായ ആദിത് പൊതാശ്ശേരി, വിജു നാടകപുരയും എഴുതിയ ഒരു സത്യാന്വേഷണം എന്ന നാടകം. പയ്യന്നൂർ ഏരിയ വേനൽത്തുമ്പി കലാജാഥയിൽ അംഗമായ അഞ്ചാം ക്ലാസ് വിദ്യാർഥിയായ കൃഷ്ണപ്രിയ അതിഥി കൂട്ടുകാരുടെ സ്വപ്നങ്ങളെയും അവരുടെ ആഗ്രഹങ്ങളെയും വരച്ചുകാണിക്കുന്ന നാടകമായി നിറമുള്ള ബലൂണുകൾ. ബാലസംഘത്തിന്റെ എടക്കര ഏരിയ പ്രസിഡന്റ് വിനായകിന്റെ സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും കഥകൾ രചിക്കുന്ന വേനൽത്തുമ്പികളെക്കുറിച്ചുള്ള വരികൾ ഇത്തവണ സംഗീത ശിൽപ്പമായി ഉപയോഗിക്കുന്നു.

മത്സരാധിഷ്ഠിത ലോകത്ത് കുട്ടികളുടെ കഴിവുകളെ കണ്ടെത്താൻ മറന്നുപോകുന്ന രക്ഷിതാക്കളെയും കഴിവുകൾ നേടിയെടുക്കുന്നതിന് ലഹരിയുടെ ചതിക്കുഴിയിൽ വീണുപോകുന്ന കുട്ടികളെയും തുറന്നു കാണിക്കുകയാണ് ബാലസംഘം സംസ്ഥാന ജോയിന്റ് സെക്രട്ടറി അമാസ് എസ് ശേഖർ എഴുതിയ മിന്നാമിന്നി എന്ന നാടകം. കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് അംഗം എ വി രഞ്ജിത് എഴുതിയ കുഞ്ഞമ്പുവിന്റെ കുഞ്ഞമ്പ, ഷിനിത് മാധവിക എഴുതിയ അതിരുകളില്ലാത്ത ആകാശം, പ്രൊഫ. പി ഗംഗാധരൻ എഴുതിയ ഒലക്ക, ഷീജ വക്കത്തിന്റെ കാപ്പിരികുട്ടി എന്ന കവിതയ്ക്കുള്ള ദൃശ്യാവിഷ്കാരം, ഹരിശങ്കർ മുന്നൂർക്കോട്, ബി കെ ഹരിനാരായണൻ, ശ്രീഹരി തറയിൽ തുടങ്ങിയവരുടെ രചനകൾ സംഗീതശിൽപ്പമായും ഉപയോഗിക്കുന്നു.

എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് വേനൽത്തുമ്പി കലാജാഥ പര്യടനം നടത്തുന്നത്. ഭാഷാ ന്യൂനപക്ഷ പ്രദേശമായ കാസർകോട് ജില്ലയിലെ മഞ്ചേശ്വരം, കുമ്പള എന്നിവിടങ്ങളിലെ ബേസിക തുമ്പികൾ കന്നട ഭാഷയിലാണ് അവതരണം നടത്തുന്നത്. ഇടുക്കി ജില്ലയിലെ മൂന്നാർ ഏരിയയിലെ വേനൽത്തുമ്പികൾ തമിഴ് ഭാഷയിലാണ് അവതരണം നടത്തുന്നത്. അതിഥിത്തൊഴിലാളികളുടെ മക്കളെയും ഈവർഷം വേനൽത്തുമ്പി കലാകാരന്മാരായി അവതരിപ്പിക്കുന്നുണ്ട്. പശ്ചിമ ബംഗാൾ സ്വദേശി എട്ടാം ക്ലാസ് വിദ്യാർഥി സോമാ ദാസും ബംഗളൂരു സ്വദേശമായ ഒമ്പതാം ക്ലാസ് വിദ്യാർഥി ജസ്റ്റിനും ഈവർഷത്തെ ബാലസംഘത്തിന്റെ കളമശ്ശേരി ഏരിയയിലെ വേനൽത്തുമ്പികളാണ്. ഇത്തവണ പര്യടനമവസാനിക്കുന്നതോടെ തുമ്പികൾ പിരിയുന്നില്ല. ഓരോ ഏരിയയിലും കൊച്ചു കലാസംഘമായി തുടരും.

പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ അധികാരികൾ രാജ്യത്തെ പാഠപുസ്തകങ്ങളിൽ തിരുത്തലുകൾ വരുത്തുകയാണ്. നാടിന്റെ ചരിത്ര വസ്തുതകളെ തിരുത്തി സ്വാതന്ത്ര്യസമരത്തെയും സമരസേനാനികളെയും പാഠപുസ്തകത്തിൽനിന്ന് നീക്കം ചെയ്യുകയും പൊതു വിദ്യാഭ്യാസ മേഖലയെ തകർക്കുകയും ചെയ്യുന്നു. കരുത്തുറ്റ ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിവേര് അറുക്കുന്ന പുതിയകാലത്ത് ഔപചാരിക വിദ്യാഭ്യാസത്തിന്റെ പരിമിതികളെ മറികടക്കാൻ ബദൽ വിദ്യാഭ്യാസത്തിന്റെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തി നാടിന്റെ ചരിത്രത്തെയും ശാസ്ത്രബോധത്തെയും യുക്തിചിന്തയെയും തലമുറകൾ കൈമാറി സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെ പ്രതിജ്ഞയിലാണ് വേനൽത്തുമ്പികൾ.

**‘വരികയണി ഇന്ത്യൻ വസന്തമായി
പുതു ലോകശിൽപ്പികൾ ഞങ്ങൾ’**

(ബാലസംഘം സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)